ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.10.2023** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിൽ 5000 കോടി രൂപയുടെ വികസനപദ്ധതികൾക്ക് തുടക്കം കുറിച്ചു. മധ്യപ്രദേശിൽ 12,600 കോടി രൂപയുടെ പദ്ധതികൾക്കും ഇന്ന് തുടക്കം കുറിക്കും.

   PM Modi laid foundation stone and dedicates to nation several development projects worth Rs 5000 crore at Jodhpur in Rajasthan. PM will also launch Rs.12600 worth projects in MP.

2. സിക്കിം മിന്നൽ പ്രളയത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു. മരണസംഖ്യ 14 ആയി ഉയർന്നു.

   Death toll due to flash flood in Sikkim rises to 14; search operations are underway.

3. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ചേരുന്ന മേഖലാതല അവലോകനയോഗം കോഴിക്കോട് പുരോഗമിക്കുന്നു.

   Review meeting of state government performance lead by Chief Minister Pinarayi Vijayan progressing in Calicut.

4. ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ഇരുപതാം സ്വർണ്ണം. സ്ക്വാഷ് മിക്സ്ഡ് ഡബിൾസിലും, വനിതാ അമ്പെയ്ത്ത് കോമ്പൗണ്ട് വിഭാഗത്തിലും ഇന്ത്യ ഇന്ന് സ്വർണം നേടി.

   At Hanghzou Asian Games in China, India amassed a historic victory with 20 gold medals. India won gold in Squash Mixed doubles and Archery Women Compound event today.

5. ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ഐ.സി.സി ഏകദിന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്ക് ഇന്ന് അഹമ്മദാബാദിൽ തുടക്കം. ഉദ്ഘാടന മത്സരം ഇംഗ്ലണ്ടും ന്യൂസിലൻഡും തമ്മിൽ.

   ICC Men's ODI World Cup: England to take on New Zealand in Ahmedabad.

$$$$$$$$$$$$$$$$$$

**HEADLINE-1**

## PM RAJASTAN and MP

പ്രധാനമന്ത്രി നരേന്ദ്രമോദി രാജസ്ഥാനിൽ 5000 കോടി രൂപയുടെ വികസനപദ്ധതികൾക്ക് തുടക്കം കുറിച്ചു. ജോധ്പൂർ എയിംസിലെ ട്രോമ സെൻററും, തീവ്ര പരിചരണ ബ്ലോക്കും ഉൾപ്പെടെ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട സുപ്രധാന പദ്ധതികൾക്കാണ് അദ്ദേഹം തുടക്കം കുറിച്ചത്. ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാനസൗകര്യ ദൗത്യത്തിൻറെ ഭാഗമായി രാജസ്ഥാനിലുടനീളം സ്ഥാപിക്കുന്ന ഏഴ് തീവ്ര പരിചരണ കേന്ദ്രങ്ങളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. 1135 കോടി

രൂപാ ചെലവിൽ നിർമിച്ച ജോധ്പൂർ ഐഐടി ക്യാമ്പസും അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിച്ചു.

(ഹോൾഡ് - പി എം വോയിസ്)

ഇന്നുച്ചതിരിഞ്ഞ് മധ്യപ്രദേശ് സന്ദർശിക്കുന്ന പ്രധാനമന്ത്രി ജബൽപൂരിൽ 12,600 കോടി രൂപയുടെ വികസനപദ്ധതികൾക്ക് തുടക്കം കുറിക്കും. പിഎം ആവാസ് യോജന- അർബനിലൂടെ 128 കോടി രൂപ ചെലവിൽ ഇൻഡോറിൽ നിർമിച്ച ഭവനപദ്ധതി അദ്ദേഹം ഉദ്ഘാടനം ചെയ്യും. ആയിരത്തോളം കുടുംബങ്ങൾക്കാണ് ഇതിലൂടെ ചുരുങ്ങിയ സമയം കൊണ്ട് വീട് നിർമിച്ചു നൽകിയിരിക്കുന്നത്. ജൽജീവൻ ദൗത്യത്തിന് കീഴിലുള്ള വിവിധ പദ്ധതികൾക്കും അദ്ദേഹം മധ്യപ്രദേശിൽ തുടക്കം കുറിക്കും. 1,575 ഗ്രാമങ്ങൾക്ക് പ്രയോജനം ചെയ്യുന്ന പദ്ധതികളുടെ ചെലവ് 2350 കോടി രൂപയാണ്. 4,800 കോടി രൂപ ചെലവു വരുന്ന വിവിധ റോഡ് വികസന പദ്ധതികളും അദ്ദേഹം ഇന്ന് രാജ്യത്തിന് സമർപ്പിക്കും.

$$$$$$$$$$$$$$$$$$

HEADLINE-2

## REV. SIKKIM FLOOD UPDATE

സിക്കിം മിന്നൽ പ്രളയത്തിൽ മരണസംഖ്യ 14 ആയി ഉയർന്നു. 23 സൈനികർ ഉൾപ്പെടെ 102 പേരെയാണ് ദുരന്തത്തിൽ കാണാതായത്. പ്രദേശത്ത് രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ലോനാക്

തടാക മേഖലയിലെ മേഘവിസ്ഫോടനത്തെ തുടർന്ന് ടീസ്റ്റാ നദിയിലുണ്ടായ മിന്നൽ പ്രളയം മംഗാൻ, ഗാംടോക്ക്, പാക്യോങ്ങ് ജില്ലകളിൽ കനത്ത നാശനഷ്ടമാണ് വരുത്തിയിരിക്കുന്നത്. 11 പാലങ്ങളും, നിരവധി വീടുകളും, വാഹനങ്ങളുമുൾപ്പെടെ ഒലിച്ചുപോയിട്ടുണ്ട്. മേഖലയിലെ ഗതാഗത, വാർത്താവിനിമയ സംവിധാനങ്ങൾ തടസ്സപ്പെട്ടതായും അധികൃതർ അറിയിച്ചു. രക്ഷാപ്രവർത്തനങ്ങൾക്കായി ദേശീയ ദുരന്ത നിവാരണ സേനയുടെ മൂന്ന് സംഘങ്ങളെ മേഖലയിൽ വിന്യസിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി സിക്കിം മുഖ്യമന്ത്രി പ്രേം സിംഗ് തമാങ്ങുമായി സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സിക്കിമിന് എല്ലാവിധ സഹായവും പ്രധാനമന്ത്രി ഉറപ്പു നൽകി.

$$$$$$$$$$$$$$$$$

## UNION CABINET

ഉജ്വല യോജന ഗുണഭോക്താക്കൾക്കുള്ള പാചകവാതക സബ്സിഡി 300 രൂപയായി വർദ്ധിപ്പിക്കാൻ ഇന്നലെ ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനിച്ചു. നിലവിൽ 200 രൂപയായിരുന്ന സബ്സിഡിയാണ് 300 ആയി ഉയർത്തിയത്. മഞ്ഞൾ ഉപഭോഗവും, കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ ടർമെറിക് ബോർഡ് രൂപീകരിക്കാനും മന്ത്രിസഭ തീരുമാനിച്ചു. കൃഷ്ണാ നദീജല തർക്കത്തിൽ, തർക്കപരിഹാര കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾക്കും

മന്ത്രിമസഭായോഗം അന്തിമരൂപം നൽകി. തെലങ്കാനയിൽ ഗോത്രവർഗ്ഗ സർവകലാശാല രൂപീകരിക്കു ന്നതിനായി കേന്ദ്ര സർവകലാശാലാ ചട്ടങ്ങൾ ഭേദഗതി ചെയ്യാനും കേന്ദ്രമന്ത്രിസഭ തീരുമാനിച്ചു.

$$$$$$$$$$$$$$$$$$

## TELANGANA- TURMERIC BOARD

ദേശീയ മഞ്ഞൾ ബോർഡ് രൂപീകരിക്കാനുള്ള കേന്ദ്രമന്ത്രിസഭാ തീരുമാനത്തിൽ തെലങ്കാനയിലെ കർഷകർ സന്തോഷം രേഖപ്പെടുത്തി. കർഷകരുടെ ചിരകാല സ്വപ്നം ഇതിലൂടെ യാഥാർത്ഥ്യമായതായി കർഷക നേതാക്കൾ പ്രതികരിച്ചു. വടക്കൻ തെലങ്കാന ജില്ലകളിലെ മഞ്ഞൾ കർഷകരെ ഇത് സഹായിക്കുമെന്നും നേതാക്കൾ അറിയിച്ചു.

$$$$$$$$$$$$$$$$$$

**HEADLINE-4**

## ASIAN GAMES

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ഇരുപതാം സ്വർണ്ണം. സ്ക്വാഷ് മിക്സഡ് വിഭാഗത്തിൽ ദീപിക പള്ളിക്കൽ-ഹരീന്ദർപാൽ സഖ്യം മലേഷ്യൻ സഖ്യത്തെ പരാജയപ്പെടുത്തി സ്വർണം നേടി. ഇന്ന് നടന്ന വനിതകളുടെ അമ്പെയ്ത്ത് കോമ്പൗണ്ട് വിഭാഗത്തിൽ തായ്‌വാനെ പരാജയപ്പെടുത്തി ഇന്ത്യയുടെ ജ്യോതി-പർണീത്-അദിതി സഖ്യവും സ്വർണം നേടി. ഏഷ്യാഡിൽ 20 സ്വർണവും 31 വെള്ളിയും 32 വെങ്കലവുമടക്കം 83

മെഡലുകൾ നേടി നാലാം സ്ഥാനത്താണ് ഇപ്പോൾ ഇന്ത്യ. ഗുസ്തിയിൽ വനിതകളുടെ 50 കിലോഗ്രാം വിഭാഗം സെമിയിൽ പൂജ ഗെലോട്ട് പരാജയപ്പെട്ടു. അതേസമയം ഗുസ്തി 57 കിലോഗ്രാം വിഭാഗത്തിൽ മാനസി അഹ്ലാവത് ദക്ഷിണകൊറിയൻ താരത്തെ പരാജയപ്പെടുത്തി. ബാഡ്മിന്റൺ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ മലേഷ്യൻ താരത്തെ പരാജയപ്പെടുത്തി എച്ച്.എസ് പ്രണോയ് സെമിയിൽ കടന്നു. എന്നാൽ പി.വി സിന്ധു ക്വാർട്ടറിൽ പരാജയപ്പെട്ട് പുറത്തായത് നിരാശയായി. സ്ക്വാഷ് പുരുഷ സിംഗിൾസ് ഫൈനലിൽ സൗരവ് ഘോഷാൽ ഇന്നിറങ്ങും. വനിതാ ഹോക്കി സെമിഫൈനലിലും ഇന്ത്യ ഇന്ന് മത്സരത്തിനിറങ്ങും.

$$$$$$$$$$$$$$$$$

HEADLINE-3

## CM-AVALOKANA YOGAM

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട് മേഖലാതല അവലോകനയോഗം ചെറുവണ്ണൂർ മറീന കൺവൻഷൻ സെന്ററിൽ തുടങ്ങി. മുഖ്യമന്ത്രിയും മന്ത്രിമാരും ചീഫ് സെക്രട്ടറിയും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന മേഖലാ തലയോഗം ഭരണനേട്ടങ്ങൾ ജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാകാനും സമയബന്ധിത പദ്ധതി നിർവഹണം ഉറപ്പാക്കാനും വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായാണ് ചേരുന്നത്.
പ്രമുഖ പദ്ധതികളുടേയും പരിപാടികളുടേയും അവലോകനംനടക്കുകയാണിപ്പോൾ.വൈകിട്ട് പൊലീസ്

ഉദ്യോഗസ്ഥരുടെ യോഗത്തിൽ ക്രമസമാധാന പ്രശ്നങ്ങൾഅവലോകനംചെയ്യും.

$$$$$$$$$$$$$$$$$$

## LAKSHADWEEP MP - APPEAL

വധശ്രമക്കേസിൽ കുറ്റക്കാരനാണെന്ന കവരത്തി ജില്ലാ കോടതിയുടെ ശിക്ഷാ വിധി സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് മുൻ ലക്ഷദ്വീപ് M.P മുഹമ്മദ് ഫൈസൽ സുപ്രീംകോടതിയിൽ അപ്പീൽ നൽകി. ഹർജി തിങ്കളാഴ്ച്ച സുപ്രീം കോടതി പരിഗണിക്കും.

$$$$$$$$$$$$$$$$$$

## BALABHASKAR

വയലിനിസ്റ്റ് ബാലഭാസ്കറിന്റെ മരണത്തിൽ ഹൈക്കോടതി തുടരന്വേഷണത്തിന് ഉത്തരവിട്ടു. ബാലഭാസ്കറിന്റെ പിതാവ് നൽകിയ ഹർജിയിലാണ് ഉത്തരവ്. അപകട മരണത്തിൽ ഗൂഢാലോചന ഉണ്ടോയെന്ന് കണ്ടെത്താൻ കൂടുതൽ അന്വേഷണം നടത്തണമെന്ന് സിബിഐ യോട് നിർദ്ദേശിച്ച കോടതി മൂന്ന് മാസത്തിനകം അന്വേഷണം പൂർത്തിയാക്കണമെന്നും ആവശ്യപ്പെട്ടു.

$$$$$$$$$$$$$$$$$$

## Rajnath Singh

നാവികസേനയുടെ സ്വാലംബൻ 2.0 പരിപാടിയുടെ ഉദ്ഘാ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്

ന്യൂഡൽഹിയിൽ നിർവഹിച്ചു. സ്വയംപര്യാപ്തതയ്ക്ക് മോദി സർക്കാർ മുൻഗണന നൽകുന്നതായി ശ്രീ രാജ്നാഥ് സിംഗ് ചടങ്ങിൽ പറഞ്ഞു. രാജ്യത്ത് തദ്ദേശീയമായി നിർമിക്കുന്ന 98 സൈനിക ഉപകരണങ്ങളുടെ പുതിയ പട്ടികയും രാജ്യ രക്ഷാ മന്ത്രി പുറത്തിറക്കി. അതിസങ്കീർണമായ സൈനിക സംവിധാനങ്ങൾ, സെൻസറുകൾ എന്നിവ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രതിരോധം, അടിസ്ഥാന സൗകര്യം, സമ്പദ്‌വ്യവസ്ഥ, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ മോദി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ സുപ്രധാനമാണെന്നും , ഇന്ത്യയിലെ ജനങ്ങളിൽ ഇത് ആത്മവിശ്വാസം പകർന്നുവെന്നും ശ്രീ രാജ്നാഥ് സിംഗ് ചടങ്ങിൽ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$

## REV. CHHATTISGARH-ANURAG SINGH THAKUR

ഛത്തീസ്ഗഡ് തലസ്ഥാനമായ റായ്പൂരിൽ നെഹ്‌റു യുവകേന്ദ്ര സംഘടിപ്പിക്കുന്ന സംസ്ഥാനതല യുവജനോത്സവം കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അനുരാഗ് സിംഗ് താക്കൂർ ഉദ്ഘാടനം ചെയ്തു.
ഛത്തീസ്ഗഡിലെ ഇരുപത്തിയെട്ട് ജില്ലകളിൽ നിന്നായി അഞ്ഞൂറോളം യുവാക്കളാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. ഇതിൽ വിജയിക്കുന്നവർക്ക് ദേശീയ യുവജനോത്സവത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.

$$$$$$$$$$$$$$$$$$

**HEADLINE-5**

# ICC WORLD CUP

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ഐ.സി.സി ഏകദിന ലോകകപ്പ് ക്രിക്കറ്റ് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ടും ന്യൂസിലൻഡും ഏറ്റുമുട്ടും. ഉച്ചയ്ക്ക് രണ്ട് മണിക്കാണ് മത്സരം ആരംഭിക്കുന്നത്. ഇന്ത്യയുടെ ആദ്യ മത്സരം ഓസ്ട്രേലിയയ്ക്കെതിരെ ഞായറാഴ്ച ചെന്നൈയിൽ നടക്കും. ഒന്നര മാസം നീളുന്ന ലോകകപ്പ് മത്സരങ്ങൾ രാജ്യത്തെ പത്ത് വേദികളിലായാണ് നടക്കുന്നത്. പത്ത് രാജ്യങ്ങൾ പങ്കെടുക്കുന്ന ഏകദിന ലോകകപ്പിൻറെ ഫൈനൽ നവംബർ 19 ന് നടക്കും.

$$$$$$$$$$$$$$$$$

# EU-UKRAINE

യുക്രൈന്റെ യൂറോപ്യൻ യൂണിയൻ പ്രവേശനം സംബന്ധിച്ച അന്തിമ പ്രഖ്യാപനം ഡിസംബറിൽ ഉണ്ടായേക്കുമെന്ന് സൂചന. യുക്രെയ്നുമായി ഇത് സംബന്ധിച്ച ചർച്ചകൾക്ക് യൂറോപ്യൻ യൂണിയൻ തയ്യാറെടുത്തിരിക്കുകയാണ്. ഇതോടെ യൂറോപ്യൻ യൂണിയനിലെ അംഗരാജ്യങ്ങളുടെ എണ്ണം 35 ആയി ഉയരും. ഇത് സംബന്ധിച്ച സൂചനകൾ യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും നൽകിയിരുന്നു.

$$$$$$$$$$$$$$$$$$

## US-HOUSE MCCARTHY SPEAKER RACE

കെവിൻ മക്കാർത്തിയെ നീക്കം ചെയ്തതിന് പിന്നാലെ അമേരിക്കയിൽ ജനപ്രതിനിധിസഭയുടെ അധ്യക്ഷ സ്ഥാനത്തേക്കുള്ള പോരാട്ടം റിപ്പബ്ലിക്കൻ പാർട്ടിയിൽ ശക്തമായി. സ്റ്റീവ് സ്കാലിസും, ജിം ജോർദാനുമാണ് സ്പീക്കർ സ്ഥാനത്തിനായി അവകാശവാദം ഉന്നയിക്കുന്നത്. റിപ്പബ്ലിക്കൻ പാർട്ടിയിലെ വലത് നിലപാടുകൾ മുറുകെപ്പിടിക്കുന്ന നേതാവാണ് സ്റ്റീവ് സ്കാലിസ്. ട്രംപ് അനുകൂലിയായാണ് ജിം ജോർദാൻ അറിയപ്പെടുന്നത്. കെവിൻ മക്കാർത്തിയെ പുറത്താക്കിയത് അമേരിക്കയുടെ യുക്രൈൻ അനുകൂല നിലപാടുകൾക്ക് തിരിച്ചടിയാകുമെന്നാണ് വിലയിരുത്തൽ.

$$$$$$$$$$$$$$$$$$

## WORLD TEACHER'S DAY

ഇന്ന് ലോക അധ്യാപക ദിനം. ലോകമെമ്പാടുമുള്ള അധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും ഓർമിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമായി എല്ലാ വർഷവും ഒക്ടോബർ അഞ്ച് ലോക അധ്യാപക ദിനമായി ആഘോഷിക്കുന്നു. 1966 ഒക്ടോബർ അഞ്ചിന് പാരീസിൽ നടന്ന പ്രത്യേക സമ്മേളനത്തിൽ അധ്യാപകരുടെ പദവി സംബന്ധിച്ച് ശുപാർശ യുനെസ്കോയും അന്താരാഷ്ട്ര

തൊഴിലാളി സംഘടനയും അംഗീകരിച്ചതിന്റെ ഓർമയ്ക്കായാണ് ദിനാചരണം.

$$$$$$$$$$$$$$$$$
$$$$$$$$
$$$$